رسالة واحدة فقط

# സത്യസന്ദേശം

إعداد

د. ناجي بن إبراهيم العرفج

ഡോ. നാജി അൽ അർഫജ്
(സഊദി അറേബ്യ)

الألوكة
www.alukah.net

www.alukah.net إهداء من شبكة الألوكة

# رسالة واحدة فقط

# സത്യസന്ദേശം

إعداد

د. ناجي بن إبراهيم العرفج

المترجم/ محمد ناصر المدني

ഡോ. നാജി അൽ അർഫജ്

(സഊദി അറേബ്യ)

വിവ: എം.നാസർ മദനി

ഈ പുസ്തകം അച്ചടിക്കാൻ ആഗ്രഹിക്കുന്നവർ ഗ്രന്ഥകർത്താവിൻെറ മുൻകൂട്ടിയുള്ള അനുമതി വാങ്ങേണ്ടതാണ്.

إعداد وإصدار المكتب التعاوني للدعوة والإرشاد وتوعية الجاليات بالأحساء

www.alukah.net إهداء من شبكة الألوكة



# സമർപ്പണം

- ആത്മാർത്ഥതയോടെ സത്യസന്ധമായി യാഥാർത്ഥ്യങ്ങൾ അന്വേഷിക്കുന്നവർക്ക്!
- മനസ്സ് തുറന്ന് ചിന്തിക്കുന്ന വർക്ക്!!

www.alukah.net إهداء من شبكة الألوكة



# ഉള്ളടക്കം


| | |
|---|---|
| വിവർത്തകക്കുറിപ്പ് | 3 |
| വായനക്ക് മുമ്പ് ചില ചോദ്യങ്ങൾ | 4 |
| വിഷയത്തിൻെറ മർമ്മം | 5 |
| ദൈവത്തിൻെറ ഏകത്വം പഴയനിയമത്തിൽ | 16 |
| ദൈവത്തിൻെറ ഏകത്വം പുതിയനിയമത്തിൽ | 18 |
| ദൈവത്തിൻെറ ഏകത്വം ഖുർആനിൽ | 20 |
| ഉപസംഹാരം | 22 |
| ഇസ്ലാമിലെ ചില സാങ്കേതിക പദങ്ങൾ ഒരു പരിചയം | 29 |
| ഈ കൃതിയെക്കുറിച്ച് ഇവർ പറയുന്നത് | 30 |
| ഗ്രന്ഥകാരൻെറ രചനകളും പ്രവർത്തനങ്ങളും | 31 |

www.alukah.net إهداء من شبكة الألوكة



# വിവര്‍ത്തകക്കുറിപ്പ്

*കരുണാവാരിധിയായ അല്ലാഹുവിന്‍െറ നാമത്തില്‍-----------------*

റിയാദിലെ അല്‍ ഇമാം മുഹമ്മദ് ബിന്‍ സുഊദ് സര്‍വ്വകലാശാല യുടെ കീഴിലുള്ള അല്‍- അഹ്സ ശരീഅ: കോളേജിലെ പ്രൊഫ സറും അല്‍ അഹ്സ ഇസ്ലാമിക് സെന്‍ററിലെ പ്രബോധകനു മായ ഡോക്ടര്‍. നാജി ബിന്‍ ഇബ്റാഹീം അല്‍ അര്‍ഫജ് രചിച്ച **"രിസാല വാഹിദ ഫഖത്ത്"** എന്ന അറബി കൃതിയുടെ മലയാള വിവര്‍ത്തനമാണ് നിങ്ങളുടെ കൈകളിലിരിക്കുന്ന **"സത്യസന്ദേശം"** എന്ന കൃതി. വിഷയങ്ങളുടെ വ്യക്തതക്ക് വേണ്ടി വിവര്‍ത്തനത്തില്‍ അദ്ദേഹത്തിന്‍െറ തന്നെ **"Just One Message!"** എന്ന ഇംഗ്ളീഷ് കൃതിയും അവലംബമാക്കിയിട്ടുണ്ട്. സ്പെയിന്‍, ജപ്പാന്‍ ഭാഷകളില്‍ ഇതിന്‍െറ വിവര്‍ത്തനം ഇതിനകം ഇറങ്ങിക്കഴിഞ്ഞു. വിവര്‍ത്തനത്തില്‍ പരമാവധി സൂക്ഷ്മത പുലര്‍ത്തിയിട്ടുണ്ട്. വീഴ്ചകള്‍ കണ്ടെത്തുന്നവര്‍ ദയവായി ചൂണ്ടിക്കാണിക്കണമെന്ന് വിനയപൂര്‍വ്വം ഉണര്‍ത്തുന്നു.

ഇത് വിവര്‍ത്തനം ചെയ്യാന്‍ എന്നെ ഉത്തരവാദപ്പെടുത്തുകയും പ്രസിദ്ധീകരണം ഏറ്റെടുക്കുകയും ചെയ്ത അല്‍ അഹ്സ ഇസ്ലാ മിക് സെന്‍റര്‍ ഭാരവാഹികള്‍, ഇത് പരിശോധിച്ച് ആവശ്യമായ നിര്‍ദ്ദേശങ്ങള്‍ നല്‍കിയ ബഹുമാന്യ പണ്ഡിതര്‍ ഡോ. അബൂ ജിഹാദ്, മുഹ്യിദ്ധീന്‍ ഫൈസി, ഡി. റ്റി. പി. വര്‍ക്കില്‍ സഹായിച്ച എന്‍െറ സഹധര്‍മ്മിണി എന്നിവരോടെല്ലാമുള്ള എന്‍െറ കൃതജ്ഞത രേഖപ്പെടുത്തുകയും സര്‍വ്വശക്തനായ അല്ലാഹു അവര്‍ക്ക് തക്ക തായ പ്രതിഫലം നല്‍കട്ടെയെന്ന് പ്രാര്‍ത്ഥിക്കുകയും ചെയ്യുന്നു.

*കരുണാമയനായ നാഥാ ഇതൊരു സല്‍കര്‍മ്മമായി നീ സ്വീകരിക്കേണമേ.*

എം. നാസര്‍ മദനി
അല്‍–അഹ്സ ഇസ്ലാമിക് സെന്‍റര്‍
സഊദി അറേബ്യ.

www.alukah.net إهداء من شبكة الألوكة



# വായനക്ക് മുമ്പ് ചില ചോദ്യങ്ങൾ:

1. 'സത്യസന്ദേശം' എന്നാൽ എന്ത്?

2. ബൈബിൾ പറയുന്നതെന്ത്?

3. വിശുദ്ധ ഖുർആൻ എന്തുപറയുന്നു?

4. എന്താണ് നിങ്ങളുടെ അഭിപ്രായം?

www.alukah.net إهداء من شبكة الألوكة



# വിഷയത്തിന്റെ മര്‍മ്മം

ആദാമിന്റെ സൃഷ്ടിപ്പ് മുതല്‍ മനുഷ്യ ചരിത്രത്തില്‍ തലമുറകളിലൂടെ കൈമാറി വന്നിട്ടുള്ളത് ഒരൊറ്റ സന്ദേശം മാത്രമായിരുന്നു.

ഈ സന്ദേശം ജനങ്ങളെ ഓര്‍മ്മിപ്പിക്കുവാനും ശരിയായ പാന്ഥാവിലേക്ക് അവരെ നയിക്കുവാനും ഏകസത്യദൈവം ദൂതന്മാരെയും പ്രവാചകന്മാരെയും നിയോഗിച്ചു. ആദാം, നോഹ, അബ്രഹാം, മോശെ, യേശു, മുഹമ്മദ് നബി *(ഇവരിലെല്ലാം ദൈവാനുഗ്രഹം ചൊരിയുമാറാകട്ടെ.)* തുടങ്ങിയവര്‍ അവരില്‍ ഉദാ ഹരണങ്ങളാണ്.

***ഇവരെല്ലാം ഏകദൈവത്തില്‍ നിന്ന് സ്വീകരിച്ച് പ്രബോധനം ചെയ്തത് ഒരൊറ്റ സന്ദേശമായിരുന്നു. അതത്രെ***

**യഥാര്‍ത്ഥ ദൈവം ഒരുവന്‍ മാത്രം**

**അതിനാല്‍ അവനെ മാത്രം ആരാധിക്കുക,**

**അവന്റെ കല്പനകള്‍ സൂക്ഷിക്കുക.**

www.alukah.net إهداء من شبكة الألوكة



# ഏക സത്യ ദൈവം (സ്രഷ്ടാവ്)

| നിയോഗിച്ച ദൂതന്മാർ | നല്കിയ സന്ദേശം |
| --- | --- |
| നോഹ (നൂഹ് عليه السلام) | ദൈവം ഏകനാണ് |
| അബ്രഹാം (ഇബ്റാഹീം عليه السلام) | ദൈവം ഏകനാണ് |
| മോശെ (മൂസ عليه السلام) | ദൈവം ഏകനാണ് |
| യേശു (ഈസ عليه السلام) | ദൈവം ഏകനാണ് |
| മുഹമ്മദ് ﷺ | ദൈവം ഏകനാണ് |

www.alukah.net إهداء من شبكة الألوكة



നാം മനസ്സിലാക്കിയവരും അതല്ലാത്തവരുമായ എല്ലാ ദൂതന്മാരെയും ദൈവം നിയോഗിച്ചത് പ്രധാനപ്പെട്ട ചില കാര്യങ്ങൾ പൂർത്തീകരിക്കുവാനാണ്. താഴെ പറയുന്നവ അവയിൽപെട്ടതാകുന്നു.

1. ദൈവത്തിൽ നിന്ന് സന്ദേശം സ്വീകരിച്ച് അത് തങ്ങളുടെ ജനതക്കും തങ്ങളെ പിൻപറ്റിയ വർക്കും എത്തിച്ചുകൊടുക്കുക.

2. ജനങ്ങളെ ഏകദൈവ വിശ്വാസം പഠിപ്പിക്കുകയും ദൈവത്തെ ആരാധിക്കുന്നതിൽ നിഷ്ക്കളങ്കത പാലിക്കുകയും ചെയ്യുക.

3. ദൈവമാർഗ്ഗം പിൻപറ്റുന്നതിനായി വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ഉദാത്ത മാതൃകയാവുക.

4. ദൈവത്തെ സൂക്ഷിക്കുന്നതിനും, അവന് കീഴ്പ്പെടു ന്നതിനും, അവൻെറ കൽപ്പനകൾ പിൻപറ്റുന്ന തിനും അനുയായികൾക്ക് നിർദ്ദേശം നൽകുക.

5. മതത്തിൻെറ വിധികളും സത്സ്വഭാവങ്ങളും അനു യായികളെ പഠിപ്പിക്കുക.

6. വിഗ്രഹങ്ങളെയും മറ്റുമാരാധിക്കുന്ന ബഹുദൈവ വിശ്വാസികൾക്കും പാപികൾക്കും മാർഗ്ഗദർശനം നൽകുക.

www.alukah.net إهداء من شبكة الألوكة



7. മനുഷ്യർ മരണശേഷം ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുമെന്നും അവരുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വിചാരണ ചെയ്യപ്പെടുമെന്നും അറിയിക്കുക. ആരെങ്കിലും ഏകനായ ദൈവത്തിൽ വിശ്വസിക്കുകയും സത്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്താൽ അവൻെറ പ്രതിഫലം സ്വർഗ്ഗമായിരിക്കും. ആര് ദൈവത്തിൽ പങ്ക് ചേർക്കുകയും അവനെ ധിക്കരിക്കുകയും ചെയ്തുവോ അവരുടെ സങ്കേതം നരകമായിരിക്കും എന്നും അറിയിക്കുക.

നിശ്ചയം ഈ ദൂതന്മാരേയും പ്രവാചകന്മാരേയും സൃഷ്ടിക്കുകയും നിയോഗിക്കുകയും ചെയ്തത് ഏക ദൈവം മാത്രമാണ്. ഈ പ്രപഞ്ചവും ഇതിലെ സകല സൃഷ്ടികളും സ്രഷ്ടാവായ ആ ദൈവത്തിൻെറ അസ്തിത്വത്തെക്കുറിച്ച് സംസാരിക്കുകയും അവൻെറ ഏകത്വത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു.

ദൈവമാണ് പ്രപഞ്ചത്തെയും അതിലുള്ള മനുഷ്യർ, കാലികൾ, തുടങ്ങി സകല ചരാചരങ്ങളെയും സൃഷ്ടിച്ചത്. അവനാണ് മരണവും, നശ്വര ജീവിതവും, അനശ്വര ജീവിതവും സൃഷ്ടിച്ചത്.

ജൂതന്മാരുടെയും, ക്രൈസ്തവരുടെയും കൈവശമുള്ള വേദപുസ്തകങ്ങളും മുസ്ലിംകളുടെ കൈവശമുള്ള വേദഗ്രന്ഥവും എല്ലാം ദൈവത്തിൻെറ അസ്തിത്വത്തെയും അവൻെറ ഏകത്വത്തേയും സാക്ഷീകരിക്കുന്നു.

www.alukah.net إهداء من شبكة الألوكة



ഒരു സത്യാന്വേഷി നിഷ്ക്കളങ്കമായി ബൈബിളും വിശുദ്ധ ഖുർആനും പറയുന്ന ദൈവത്തെ അപഗ്രഥിച്ചു മനസ്സിലാക്കാൻ ശ്രമിച്ചാൽ ഏകനായ ദൈവത്തിന് മാത്രം പ്രത്യേകമായ വിശേഷണങ്ങൾ വേർതിരിച്ച് കണ്ടെത്താൻ കഴിയും. അതിൽ മറ്റൊരു ദൈവവും പങ്കു ചേരുന്നില്ല എന്ന് മനസ്സിലാക്കാനും സാധിക്കും. അതിൽ പെട്ട ചില വിശേഷണങ്ങൾ താഴെ പറയുന്നു.

± യഥാർത്ഥ ദൈവം സ്രഷ്ടാവാകുന്നു. അവൻ മറ്റൊന്നിനാൽ സൃഷ്ടിക്കപ്പെട്ടതല്ല.

± യഥാർത്ഥ ദൈവം ഏകനാണ്. അവന് യാതൊരു പങ്കാളികളുമില്ല. ദൈവത്തിന് ബഹുത്വമില്ല, അവൻ പിതാവോ പുത്രനോ അല്ല.

± സൃഷ്ടികളുടെ ഭാവനയിൽ നിന്നും വ്യത്യസ്തനാണ് ദൈവം. ഭൗതിക നേത്രങ്ങൾക്ക് അവനെ പ്രാപിക്കാൻ കഴിയില്ല.

± അവൻ നിത്യതയുള്ളവനും മരണമില്ലാത്തവനുമാകുന്നു. അവന് മാറ്റമില്ല. അവന് അവതാരങ്ങളില്ല. സൃഷ്ടികളുടെ രൂപം അവൻ സ്വീകരിക്കുകയില്ല.

± ദൈവം പരാശ്രയമുക്തനും സ്വയം അസ്ഥിത്വമുള്ളവനുമാകുന്നു. തൻെറ സൃഷ്ടികളെ ആശ്രയിക്കേണ്ട യാതൊരാവശ്യവും അവനില്ല. അവന് പിതാവില്ല, മാതാവില്ല, സഹധർമ്മിണിയോ, പുത്രന്മാരോ ഇല്ല.

www.alukah.net إهداء من شبكة الألوكة



ഭക്ഷണ പാനീയങ്ങൾ അവന് ആവശ്യമില്ല. ആരുടേയും സഹായവും അവന് ആവശ്യമില്ല. എന്നാൽ സൃഷ്ടികളെയെല്ലാം അവൻ സൃഷ്ടിച്ച താണ്. അവ അവനെ ആശ്രയിക്കുന്നു.

± മഹത്വത്തിൻെറയും ഉന്നതിയുടെയും സൗന്ദര്യത്തിൻെറ യും സമ്പൂർണ്ണമായ ഗുണവിശേഷണങ്ങൾ അവന് മാത്രമായുണ്ട്. സൃഷ്ടികളിൽ നിന്നും ഒരാളും തന്നെ അവനോട് സാദൃശ്യം പുലർത്തുകയോ, പങ്കുചേരു കയോ ചെയ്യുന്നില്ല. അവനെപ്പോലെ ഒന്നുമില്ല.

നാം ഈ പറഞ്ഞ വിശേഷണങ്ങളും, പ്രത്യേക മാന ദണ്ഡങ്ങളും (ദൈവത്തിന് മാത്രം പ്രത്യേകമായ മറ്റു വിശേഷണങ്ങളും) ദൈവമെന്ന് സങ്കൽപ്പിക്കപ്പെടുന്ന മറ്റ് യാതൊന്നും ദൈവമല്ലെന്ന് ബോധ്യപ്പെടുത്താൻ നമുക്ക് സാധിക്കും.

മേൽ സൂചിപ്പിച്ച സത്യസന്ദേശം അന്വേഷി ക്കുന്നതിനായി നിങ്ങൾ ഇപ്പോൾ എനിക്ക് അവസരം നൽകൂ.

ബൈബിളിൽ നിന്നും ഖുർആനിൽ നിന്നും ദൈവ ത്തിൻെറ ഏകത്വത്തെ ശക്തിപ്പെടുത്തുന്ന ചില വചന ങ്ങൾ ഞാൻ സമർപ്പിക്കാം.

പക്ഷെ അതിന് മുമ്പ് നിങ്ങളും ഈ വിഷയത്തിൽ എന്നോടൊപ്പം ഉണ്ടാകണമെന്ന് ഞാനാഗ്രഹിക്കുന്നു.

www.alukah.net إهداء من شبكة الألوكة



ചില ക്രൈസ്തവർ അത്ഭുതത്തോടെ ചോദിക്കുന്നു. ദൈവം ഏകനാണെന്നത് വ്യക്തമായ കാര്യമാണ്.
ഞങ്ങളും ഏകദൈവത്തിലാണ് വിശ്വസിക്കുന്നത്
പിന്നെ എന്താണ് പ്രശ്നം?

എന്നാൽ യാഥാർത്ഥ്യം, ക്രൈസ്തവതയെ സംബന്ധിച്ച എൻെറ പഠനത്തിലും ഗഹനമായ വായനക്കിടയിലും, ധാരാളം ക്രൈസ്തവരോട് ഞാൻ നടത്തിയ സംഭാഷണങ്ങളിലും സംവാദങ്ങളിലും ഞാൻ കണ്ടെത്തിയ കാര്യം ദൈവം എന്നാൽ അവരുടെ ഇടയിൽ (അവരിൽ ചിലർ വിചാരിക്കുന്നതുപോലെ) താഴെ പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളുന്നതാകുന്നു.

1- ദൈവം പിതാവാണ്

2- ദൈവം പുത്രനാണ്

3- ദൈവം പരിശുദ്ധാത്മാവാണ്.

ഈ വിഷയത്തിൽ അന്വേഷണം നടത്തുന്ന ഒരാളുടെ സാധാരണ ബുദ്ധിക്ക് പോലും ക്രൈസ്തവർക്കിടയിലുള്ള ഈ വിഷയം ഉൾക്കൊള്ളാൻ കഴിയില്ല. ബുദ്ധിയും ന്യായവും അവരോട് ഇപ്രകാരം ചോദിക്കാൻ ആവശ്യപ്പെടുന്നു.

www.alukah.net إهداء من شبكة الألوكة



**v നിങ്ങൾ മൂന്ന് ദൈവങ്ങളെക്കുറിച്ച് സൂചന നൽകുമ്പോൾ ദൈവം ഏകനാണ് എന്ന നിങ്ങളുടെ വാക്കിൻെറ അർത്ഥമെന്ത്?**

**v ഏകനായ ദൈവം മൂന്നിൽ ലയിച്ചതാണോ അതോ മൂന്നും കൂടി ഒന്നിൽ യോജിച്ചതാണോ? (3-ൽ 1 ലയിച്ചതോ അതോ 1-ൽ 3 യോജിച്ചതോ)?!**

അതിലേക്ക് ചേർത്ത് വായിക്കേണ്ട ഒരു കാര്യം കൂടി പറയട്ടെ. ചില ക്രൈസ്തവരുടെ വിശ്വാസ പ്രകാരം ഈ മൂന്ന് ദൈവങ്ങൾക്കും ചില ഉത്തരവാദിത്തങ്ങളും പ്രത്യേക അസ്തിത്വവും ഉണ്ടെന്നാണ്.

**1. പിതാവായ ദൈവം = അവനാണ് സ്രഷ്ടാവ്.**

**2. പുത്രനായ ദൈവം = അവനാണ് രക്ഷകൻ.**

**3. പരിശുദ്ധാത്മാവായ ദൈവം = അവനാണ് സഹായി.**

യേശു ദൈവപുത്രനാണ്, അല്ലെങ്കിൽ ദൈവമാണ്, അല്ലെങ്കിൽ ദൈവത്തിൻെറ അംശമാണ് എന്നുള്ള വാദം പഴയ, പുതിയ നിയമങ്ങൾ അംഗീകരിച്ച കാര്യങ്ങളോട് പൂർണ്ണമായും വിയോജിക്കുന്നതാകുന്നു. കാരണം **'ദൈവത്തെ ഒരാളും കണ്ടിട്ടില്ല. അവൻെറ ശബ്ദം ഒരാളും കേട്ടിട്ടില്ല'** എന്നതാണ് പ്രസ്തുത ഗ്രന്ഥങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നത്.

www.alukah.net إهداء من شبكة الألوكة



v **നിങ്ങൾ അവന്‍െറ ശബ്ദം ഒരു നാളും കേട്ടിട്ടില്ല, അവന്‍െറ രൂപം കണ്ടിട്ടില്ല;** (യോഹന്നാൻ 5-37)

v **മനുഷ്യർ ആരും കാണാത്തവനും കാൺമാൻ കഴിയാത്തവനുമായവൻ.** (1.തിമൊഥെയൊസ്: 6:16)

v **നിനക്ക് എന്‍െറ മുഖം കാൺമാൻ കഴികയില്ല; ഒരു മനുഷ്യനും എന്നെ കണ്ടു ജീവനോടെ ഇരിക്കയില്ല.** (പുറപ്പാട്: 33:20)

വേദഗ്രന്ഥങ്ങളിലെ മേൽ കൊടുത്തതും അതല്ലാത്തതുമായ വചനങ്ങളുടെ അടിസ്ഥാനത്തിൽ ആത്മാർത്ഥമായി, സത്യസന്ധമായി അത്ഭുതത്തോടെ ഞാൻ ചോദിക്കട്ടെ. '***ഒരാളും ദൈവത്തെ കണ്ടിട്ടില്ല, ഒരാളും അവന്‍െറ ശബ്ദം കേട്ടിട്ടുമില്ല***' എന്ന് സംശയത്തിനിടമില്ലാത്തവിധം വ്യക്തമാക്കിയ വേദഗ്രന്ഥങ്ങളിലെ വചനങ്ങൾക്കും, യേശു ദൈവമാണെന്നു പറയുന്നവർക്കുമിടയിൽ നമുക്കെങ്ങനെ യോജിപ്പ് കണ്ടെത്താൻ കഴിയും?.

ആ കാലഘട്ടത്തിലെ ജൂതന്മാരും യേശുവിന്‍െറ കുടുംബവും, അദ്ദേഹത്തെ പിൻതുടർന്നവരും അദ്ദേഹത്തെ കണ്ടിരുന്നില്ലേ.?
(ചിലരുടെ വിശ്വാസ പ്രകാരം ദൈവപുത്രനായ) യേശുവിന്‍െറ ശബ്ദം അവർ കേട്ടിരുന്നില്ലേ?

www.alukah.net إهداء من شبكة الألوكة



പഴയനിയമവും, പുതിയനിയമവും അംഗീകരിക്കുന്നത് ദൈവത്തെ ആരും കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ല എന്നതാണ്. എന്നാൽ യേശുവിൻെറ ശരീരം കണ്ടു എന്നും, ശബ്ദം കേട്ടു എന്നും വിശ്വസിക്കുന്നവർ യേശു ദൈവമാണ് അല്ലെങ്കിൽ ദൈവപുത്രനാണ് എന്ന് പറയുന്നതാണ് നാം കാണുന്നത്. ഇതെങ്ങനെ അംഗീകരിക്കാൻ കഴിയും?

â യഥാർത്ഥ ദൈവത്തെ കണ്ടെത്താൻ കഴിയുന്ന വല്ല രഹസ്യവും ഇവിടെ ഒളിഞ്ഞിരിപ്പുണ്ടോ?

ഇതിനെതിരെ ദൈവത്തിൽ നിന്നും പഴയനിയമം ഊന്നിപ്പറയുന്നത് ഇപ്രകാരമാണ്.

**"ഞാൻ തന്നേ യഹോവ; വേറൊരുത്തനും ഇല്ല. ഞാൻ രഹസ്യത്തിൽ അന്ധകാര പ്രദേശത്തു വെച്ചല്ല സംസാരിച്ചതു; ------- യഹോവയായ ഞാൻ നീതി സംസാരിക്കുന്നു, നേരുള്ളതു പ്രസ്താവിക്കുന്നു."** (യെശയ്യാവു:45:18,19)

**എങ്കിൽ യാഥാർത്ഥ്യമെന്താണ്?**
**ദയവായി മേൽപ്പറഞ്ഞ വചനം ആവർത്തിച്ച് വായിച്ച് ശരിക്കും അതിനെക്കുറിച്ച് ചിന്തിക്കുക.**

www.alukah.net إهداء من شبكة الألوكة



വരൂ, ബൈബിളിലും വിശുദ്ധ ഖുർആനിലും പറഞ്ഞ ദൈവത്തിൻെറ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഗവേഷണ യാത്രയിൽ നമുക്കൊന്നായി സഞ്ചരിക്കാം.

വിശുദ്ധ സൂക്തങ്ങളിലും, വചനങ്ങളിലും പറഞ്ഞ കാര്യങ്ങൾ ചിന്തിക്കുകയും ഈ ലഘുകൃതി വിഷയാ ധിഷ്ഠിതമായും സത്യസന്ധമായും നിരൂപണബുദ്ധ്യാ വായിക്കുകയും ചെയ്തതിന് ശേഷം നിങ്ങളുടെ അഭി പ്രായവും പ്രതികരണവും അറിയാൻ എനിക്ക് ആഗ്രഹ മുണ്ട്.

വിഷയത്തിലൊതുങ്ങിയുള്ള നിരീക്ഷണത്തിനായി
യാതൊരു വ്യാഖ്യാനവും ഇല്ലാതെ
ചില തെളിവുകൾ ഞാൻ വെളിപ്പെടുത്താം.
**ശ്രദ്ധാപൂർവ്വം വിമർശന ബുദ്ധിയോടെ മറ്റ് ചിന്തകളോ മുൻവിധികളോ ഇല്ലാതെ**
ദയവായി അത് വായിക്കുക.

www.alukah.net إهداء من شبكة الألوكة



# പഴയ നിയമത്തിലെ സത്യദൈവം ഏകനാകുന്നു.

**Ø യിസ്രായേലേ, കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നേ.** (ആവർത്തനപുസ്തകം: 6:4)

**Ø ഒരു ദൈവം തന്നെയല്ലോ നമ്മെ സൃഷ്ടിച്ചതു;** (മലാഖി: 2: 10)

**Ø നിങ്ങൾ അറിഞ്ഞു എന്നെ വിശ്വസിക്കുകയും ഞാൻ ആകുന്നു എന്ന് ഗ്രഹിക്കുകയും ചെയ്യേണ്ടതിന്നു നിങ്ങൾ എന്റെ സാക്ഷികളും ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന എന്റെ ദാസനും ആകുന്നു എന്നു യഹോവയുടെ അരുളപ്പാടു; എനിക്കുമുമ്പെ ഒരു ദൈവവും ഉണ്ടായിട്ടില്ല, എന്റെ ശേഷം ഉണ്ടാകയുമില്ല. ഞാൻ, ഞാൻ തന്നേ, യഹോവ; ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല.** (യെശയ്യാവു: 43:10,11)

www.alukah.net إهداء من شبكة الألوكة



**Ø ഞാൻ ആദ്യനും അന്ത്യനും ആകുന്നു; ഞാനല്ലാതെ ഒരു ദൈവവുമില്ല.** (യെശയ്യാവു: 44:6)

**Ø യഹോവയായ ഞാൻ അല്ലയോ? ഞാൻ അല്ലാതെ വേറൊരു ദൈവം ഇല്ല; ഞാൻ അല്ലാതെ നീതിമാനായൊരു ദൈവവും രക്ഷിതാവും ഇല്ല.** (യെശയ്യാവു: 45:21)

ഇവ പഴയ നിയമത്തിലെ ചില വചനങ്ങളാകുന്നു.

**ഇതുപോലെയുള്ള മറ്റേതെങ്കിലും വചനങ്ങൾ താങ്കൾ ഓർക്കുന്നുണ്ടോ?**

www.alukah.net إهداء من شبكة الألوكة



# പുതിയ നിയമത്തിലെ സത്യദൈവം ഏകനാകുന്നു.

**Ø ഒരുത്തൻ വന്നു അവനോട്: ഗുരോ, നിത്യ ജീവനെ പ്രാപിപ്പാൻ ഞാൻ എന്തു നന്മ ചെയ്യേണം എന്നു ചോദിച്ചതിന്നു അവൻ (യേശു): എന്നോട് നന്മയെക്കുറിച്ച് ചോദിക്കുന്നതു എന്തു? നല്ലവൻ ഒരുത്തനേ ഉള്ളൂ.** (മത്തായി:19: 16,17)

**Ø ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നേ നിത്യജീവൻ ആകുന്നു.** (യോഹന്നാൻ: 17:3)

**Ø നിൻെറ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവൂ.** (മത്തായി: 4:10)

www.alukah.net إهداء من شبكة الألوكة



**Ø യിസ്രായേലേ, കേൾക്ക; നമ്മുടെ ദൈവമായ കർത്താവു ഏക കർത്താവു.-------- അവനല്ലാതെ മറ്റൊരുത്തനുമില്ല.** (മർക്കൊസ്: 12: 29, 32)

**Ø ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ - മനുഷ്യനായ ക്രിസ്തു യേശു തന്നെ.** (1. തിമൊഥെയൊസ്: 2:5,6.)

ദൈവം ഒരുവൻ മാത്രമാണെന്ന് ഉറപ്പിക്കുന്ന മറ്റൊരു വചനം ഓർമ്മിക്കാൻ താങ്കൾക്ക് കഴിയുമോ?.

(അവൻ മൂന്നല്ല:)

www.alukah.net إهداء من شبكة الألوكة



# വിശുദ്ധ ഖുർആനിലെ സത്യദൈവം (അല്ലാഹു) ഏകനാകുന്നു

**Ø "(നബിയേ,) പറയുക: കാര്യം അല്ലാഹു ഏക നാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ഒരു സന്താനത്തിന്) ജന്മം നൽകിയിട്ടില്ല. (ആരുടേ യും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന് തുല്യ നായി ആരും ഇല്ലതാനും."** (ഖുർആൻ 112-1-4)

**Ø "ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ."** (ഖുർആൻ 21:25)

**Ø "ജയിലിലെ രണ്ട് സുഹൃത്തുക്കളേ, വ്യത്യസ്ത രക്ഷാധികാരികളാണോ ഉത്തമം; അതല്ല ഏകനും സർവ്വാധികാരിയുമായ അല്ലാഹു വാണോ?"** (ഖുർആൻ 12-39)

**Ø "തീർച്ചയായും നിങ്ങളുടെ ദൈവം ഏകൻ തന്നെയാകുന്നു."** (ഖുർആൻ 37-4)

www.alukah.net إهداء من شبكة الألوكة



**Ø “അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? (നബിയേ) പറയുക: നിങ്ങൾ സത്യവാന്മാരാണെങ്കിൽ നിങ്ങൾക്കുള്ള തെളിവ് നിങ്ങൾ കൊണ്ടുവരിക.”** (ഖുർആൻ 27-64)

**Ø “അല്ലാഹു മൂവരിൽ ഒരാളാണ് എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. ഏക ആരാധ്യനല്ലാതെ യാതൊരു ആരാധ്യനും ഇല്ലതന്നെ. അവർ ആ പറയുന്നതിൽ നിന്ന് വിരമിച്ചില്ലെങ്കിൽ അവരിൽ നിന്ന് അവിശ്വസിച്ചവർക്ക് വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും. ആകയാൽ അവർ അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങുകയും, അവനോട് പാപമോചനം തേടുകയും ചെയ്യുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ.”** (ഖുർആൻ 5: 73,74)

**ഈ സന്ദേശത്തിലുള്ള സത്യം (ദൈവത്തിൻെറ ഏകത്വം) അതാണ് ഖുർആനിൻെറ അടിസ്ഥാന വിഷയം.**

www.alukah.net إهداء من شبكة الألوكة



# ഉപസംഹാരം.

ദൈവം ഏകനാണ്, അവനല്ലാത്ത മറ്റൊരു ആരാധ്യനില്ല, ആ കാര്യത്തിൽ സംശയത്തിന് യാതൊരു അവകാശവുമില്ല എന്ന കാര്യമാണ് ഖുർആനിൽ നിന്നും ബൈബിളിൽ നിന്നും നാം ഉദ്ധരിച്ചതും അല്ലാത്തതുമായ നൂറുക്കണിന് വചനങ്ങൾ വ്യക്തമാക്കുന്നത്.

ബൈബിൾ പറയുന്നു. ***യിസ്രായേലേ, കേൾക്ക; നമ്മുടെ ദൈവമായ കർത്താവു ഏക കർത്താവു.-- അവനല്ലാതെ മറ്റൊരുത്തനുമില്ല.*** (മർക്കൊസ്: 12: 29, 32)

ഖുർആനിൽ അല്ലാഹു കല്പിക്കുന്നു. ***(നബിയേ- പറയുക, അല്ലാഹു ഒരുവനാകുന്നു.) (112-1)***

വേദഗ്രന്ഥങ്ങൾ ശക്തിപ്പെടുത്തുന്ന കാര്യം ദൈവം ഏകനാണ് എന്നതാണ്. മാത്രമല്ല അവൻ മാത്രമാണ് സ്രഷ്ടാവും, രക്ഷകനും എന്നത് കൂടിയാണ്. ***"നിങ്ങൾ അറിഞ്ഞു എന്നെ വിശ്വസിക്കുകയും ഞാൻ ആകുന്നു എന്ന് ഗ്രഹിക്കുകയും ചെയ്യേണ്ടതിന്നു നിങ്ങൾ എൻെറ സാക്ഷികളും ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന എൻെറ ദാസനും ആകുന്നു എന്നു യഹോവയുടെ അരുളപ്പാടു; എനിക്കു മുമ്പെ ഒരു ദൈവവും ഉണ്ടായിട്ടില്ല, എൻെറ ശേഷം ഉണ്ടാകയുമില്ല. ഞാൻ, ഞാൻ തന്നേ, യഹോവ; ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല."*** (യെശയ്യാവു: 43:10,11)

www.alukah.net إهداء من شبكة الألوكة



അതിനാൽ യേശുവിൻെറയോ, പരിശുദ്ധാത്മാവിൻെറയോ, അതുപോലെ ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ എന്നീ ത്രിമൂർത്തികളുടെയോ, ശ്രീകൃഷ്ണൻ, ശ്രീബുദ്ധൻ തുടങ്ങിയവരുടെയോ ദിവ്യത്വത്തിന് യാതൊരു അടിസ്ഥാനവുമില്ല. യാതൊരു തെളിവുമില്ല. അവർ ദൈവത്തിൻെറ സൃഷ്ടികൾ മാത്രമാകുന്നു. അവർക്ക് കാര്യങ്ങളിൽ യാതൊരു പങ്കുമില്ല. അവർ ദൈവങ്ങളല്ല. ദൈവത്തിൻെറ വെളിപാട് രൂപവുമല്ല. ദൈവം ജഢരൂപം സ്വീകരിച്ചവനല്ല. അവന് സാമ്യമുള്ളവരാരുമില്ല. അവനെപ്പോലെ ഒന്നുമില്ല. ബൈബിളും വിശുദ്ധ ഖുർആനും വ്യക്തമാക്കിയ കാര്യമാണത്.

***വഴികേട് കാരണവും ദൈവമല്ലാത്ത മറ്റുള്ളവയെ ആരാധിച്ചതു നിമിത്തവും ജൂതസമൂഹത്തിന് മേൽ ദൈവത്തിൻെറ കോപമുണ്ടായി.*** (ആവർത്തനം 25-3) ആരാധിക്കാനുണ്ടാക്കിയ സ്വർണ്ണ പശുക്കുട്ടിയെ മോശെ പ്രവാചകൻ കരിച്ചു കളഞ്ഞു.

മറ്റൊരു കാര്യം, ഏക ദൈവത്തെ മാത്രം ആരാധിച്ചുവന്ന ഒരു വിഭാഗം ക്രൈസ്തവർ പീഡിപ്പിക്കപ്പെടുകയും അക്രമത്തിന് വിധേയരാക്കപ്പെടുകയുമുണ്ടായി. അവർ ദൈവത്തിൻെറ ഏകത്വത്തിൽ വിശ്വസിക്കുകയും യേശു പഠിപ്പിച്ച ശരിയായ അദ്ധ്യാപനങ്ങൾ മാറ്റിമറിക്കുന്നതിനെ എതിർക്കുകയും സെൻറ്പോളിലൂടെയും അനുയായികളിലൂടെയും സ്ഥാപിക്കപ്പെട്ട ത്രിയേകത്വമെന്ന നൂതന സിദ്ധാന്തത്തെ നിഷേധിക്കുകയും ചെയ്തു എന്നത് മാത്രമാണ് കാരണം.

www.alukah.net إهداء من شبكة الألوكة



**പറഞ്ഞതിന്‍െറ രത്നചുരുക്കം:** ആദാം, നോഹ, അബ്രഹാം, മോശെ, യേശു, മുഹമ്മദ് തുടങ്ങി മുഴുവന്‍ ദൂതന്മാരെയും പ്രവാചകന്മാരെയും ദൈവം നിയോഗിച്ചു. അല്ലാഹുവില്‍ വിശ്വസിക്കണമെന്നും അവനെ മാത്രം ആരാധിക്കണമെന്നും അവനില്‍ യാതൊരു പങ്കാളികളേയും ചേര്‍ക്കരുതെന്നും ഉന്നതനായ അവന് സമന്മാരെ ഉണ്ടാക്കരുതെന്നും ജനങ്ങളോട് പ്രബോധനം ചെയ്യാനായിട്ടായിരുന്നു ആ പ്രവാചകന്മാരെ നിയോഗിച്ചത്. അവരുടെയെല്ലാം ഏകസന്ദേശം ഇതായിരുന്നു.

***സത്യദൈവം ഒരുവന്‍ മാത്രമാകുന്നു.***
***അതിനാല്‍ അവനെ മാത്രം ആരാധിക്കുക.***
***അവന്‍െറ കല്പനകള്‍ സൂക്ഷിക്കുക.***

നിശ്ചയം എല്ലാ ദൈവദൂതന്മാരുടെയും പ്രവാചകന്മാരുടെയും സന്ദേശം ഒന്നായിരുന്നു അതിനാല്‍ ***അവരുടെ മതവും ഒന്നായിരുന്നു.*** എങ്കില്‍ ആ ദൂതന്മാരുടെയും പ്രവാചകന്മാരുടെയും മതം ഏതായിരുന്നു.?

അവരുടെ സന്ദേശത്തിന്‍െറ കാതല്‍ ദൈവത്തിനുള്ള ***സമ്പൂര്‍ണ്ണ സമര്‍പ്പണമായിരുന്നു.*** അതിന് അറബിയില്‍ ***ഇസ്ലാം*** എന്നാണ് പറയുക.

www.alukah.net إهداء من شبكة الألوكة



മുഴുവൻ പ്രവാചകന്മാരുടെയും, ദൂതന്മാരുടെയും മതം ഇസ്ലാമായിരുന്നു എന്ന കാര്യം വിശുദ്ധ വേദഗ്ര ന്ഥമായ ഖുർആൻ തീർത്ത് പറയുന്നു. ഖുർആനിന്റെ ഈ യാഥാർത്ഥ്യം ബൈബിളിലും കണ്ടെത്താൻ സാധി ക്കും. (ദൈവാനുഗ്രഹമുണ്ടായാൽ) ഇത് അടുത്ത് പ്രസിദ്ധീ കരിക്കുന്ന പുസ്തകത്തിൽ ചർച്ചചെയ്യുന്നതാണ്.)

## അവസാനമായി

ഈ സന്ദേശത്തിൻറ രത്നച്ചുരുക്കം സ്വീകരിക്കലും സത്യ സന്ധമായും നിഷ്ക്കളങ്കമായും വിശ്വസിക്കലും നമുക്ക് നിർബ്ബന്ധമാണ്. പക്ഷെ ഇത് മാത്രം മതിയാവുകയില്ല. എല്ലാ ദൂതന്മാരിലും പ്രവാചകന്മാരിലും വിശ്വസിക്കലും നിർബ്ബന്ധമാകുന്നു. -ആ വിശ്വാസത്തിൽ മുഹമ്മദ് നബി യിൽ വിശ്വസിക്കുക എന്നതും ഉൾക്കൊള്ളുന്നു. അദ്ദേഹ ത്തിന്റെ ചര്യകൾ പിൻതുടരുക എന്നതും അതനുസ രിച്ച് പ്രവർത്തിക്കുക എന്നതും നിർബന്ധമാകുന്നു. ഇതാണ് സൗഭാഗ്യമായ നിത്യജീവൻ ലഭിക്കാനുള്ള ഏകവഴി.

ആത്മാർത്ഥതയോടെ കാര്യങ്ങൾ അന്വേഷിക്കു ന്നവരേ!, നിഷ്ക്കളങ്കത ഇഷ്ടപ്പെടുന്നവരേ!, നിങ്ങൾ ഈ കാര്യത്തെക്കുറിച്ച് ചിന്തിക്കുന്നുണ്ടാവാം, പെട്ടെന്ന് വരുന്ന മരണം സംഭവിക്കുന്നതിന് മുമ്പ് ഈ കാര്യ ത്തെക്കുറിച്ച് ചിന്തിക്കുക. ആർക്കുമറിയില്ല എപ്പോൾ മരിക്കുമെന്ന്.?

www.alukah.net إهداء من شبكة الألوكة



**(പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവര്‍ത്തിച്ചുപോയ എന്‍റെ ദാസന്മാരേ, അല്ലാഹുവിന്‍റെ കാരുണ്യത്തെപ്പറ്റി നിങ്ങള്‍ നിരാശപ്പെടരുത്. തീര്‍ച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീര്‍ച്ചയായും അവന്‍ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും. നിങ്ങള്‍ക്ക് ശിക്ഷ വന്നെത്തുന്നതിന് മുമ്പായി നിങ്ങള്‍ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് താഴ്മയോടെ മടങ്ങുകയും, അവന്നു കീഴ്പ്പെടുകയും ചെയ്യുവിന്‍, പിന്നെ (അത് വന്നതിന് ശേഷം) നിങ്ങള്‍ സഹായിക്കപ്പെടുന്നതല്ല.) (ഖുര്‍ആന്‍ 39:53-54)**

ഈ പ്രധാനപ്പെട്ട വിഷയത്തില്‍ ചിന്തിക്കുകയും പുനരാലോചന നടത്തുകയും ചെയ്താല്‍ ബുദ്ധിയും, മനസ്സും തുറന്നു സമ്മതിക്കുന്ന ഒരു കാര്യമുണ്ട്. നിശ്ചയം ദൈവം ഒരുവനാണ്. അവന് യാതൊരു പങ്കാളികളുമില്ല, അവന് സന്താനമില്ല. അവനില്‍ വിശ്വസിക്കുക, അവനെ മാത്രം ആരാധിക്കുക, നിശ്ചയം നോഹ, അബ്രഹാം, മോശേ, യേശു എന്നിവരെപ്പോലെയുള്ള പ്രവാചകനും ദൂതനുമാകുന്നു മുഹമ്മദ് നബിﷺ

***â ഒരിക്കല്‍ കൂടി ചിന്തിക്കുക. è***

www.alukah.net إهداء من شبكة الألوكة



# അവസാന ചിന്ത

സത്യസന്ധമായി, നീതിയോടെ, വസ്തുനിഷ്ഠമായി, ശ്രദ്ധാപൂര്‍വ്വം മനസ്സ് തുറന്ന് ഈ ഒരു സന്ദേശം വായിച്ചതിന് ശേഷം ഇതിനെക്കുറിച്ച് ചിന്തിക്കുന്ന സത്യസന്ധന്മാര്‍ ചോദിച്ചേക്കാം

â എങ്കില്‍ എന്താണ് യാഥാര്‍ത്ഥ്യം?

â എവിടെയാണ് തെറ്റ്?

â ഞാന്‍ എന്ത് ചെയ്യും?

ഇപ്പോള്‍ നിങ്ങള്‍ ഉദ്ദേശിച്ചാല്‍ ഈ വാചകങ്ങള്‍ പറയാന്‍ കഴിയും.

**“അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ്, വ അശ്ഹദു അന്ന മുഹമ്മദന്‍ റസൂലുല്ലാഹ്”**

**“നിശ്ചയം അല്ലാഹു അല്ലാതെ ആരാധനക്കര്‍ഹനായി ആരും തന്നെയില്ല എന്ന് ഞാന്‍ സാക്ഷ്യം വഹിക്കുന്നു. നിശ്ചയം മുഹമ്മദ് നബി അല്ലാഹുവിന്‍െറ ദൂതനാണെന്നും ഞാന്‍ സാക്ഷ്യം വഹിക്കുന്നു.”**

www.alukah.net إهداء من شبكة الألوكة



ഈ സത്യസാക്ഷ്യമാകുന്നു നിത്യജീവൻ പ്രാപിക്കാനുള്ള പാതയിലെ ഒന്നാമത്തെ കാൽവെപ്പ്. ഇതാണ് സ്വർഗ്ഗവാതിലുകളുടെ താക്കോൽ.

നിങ്ങൾ ഇത് അംഗീകരിച്ചു കഴിഞ്ഞാൽ നിങ്ങളുടെ മുസ്ലിം സുഹൃത്തിൽ നിന്നോ, അല്ലെങ്കിൽ അടുത്തുള്ള പള്ളിയിൽ നിന്നോ, ഇസ്ലാമിക് സെൻററിൽ നിന്നോ അല്ലെങ്കിൽ ഞാനുമായി ഫോണിലോ കത്തിലൂടെയോ ബന്ധപ്പെട്ട് ഈ വിഷയത്തിൽ നിങ്ങൾക്ക് വേണ്ട സഹായം ആവശ്യപ്പെടാവുന്നതാണ്. (അതിൽ ഞാൻ കൃതാർത്ഥനാണ്)

www.alukah.net إهداء من شبكة الألوكة



## ഇസ്‌ലാമിലെ ചില സാങ്കേതിക പദങ്ങൾ ഒരു പരിചയം.

- **അല്ലാഹു:** ഈ പ്രപഞ്ചത്തിലെ ഏകനായ സ്രഷ്ടാവിന്റെ ശരിയായ നാമം. അവനത്രെ ജൂതന്മാരുടെയും ക്രൈസ്തവരുടെയും, ഹിന്ദുക്കളുടെയും മുസ്‌ലിംകളുടെയും എല്ലാവരുടെയും യഥാർത്ഥ ദൈവം.

- **മുഹമ്മദ്ﷺ:** ഏകസത്യദൈവമായ അല്ലാഹു നിയോഗിച്ച അവസാനത്തെ ദൂതൻ.

- **ഇസ്‌ലാം:** ഏകസത്യദൈവമായ അല്ലാഹുവിനുള്ള സമ്പൂർണ്ണ സമർപ്പണം. സമർപ്പണം, സമാധാനം എന്നെല്ലാമാണ് ഇസ്‌ലാം എന്ന പദത്തിന്റെ അർത്ഥം.

- **മുസ്‌ലിം:** ഏകസത്യദൈവമായ അല്ലാഹുവിന് ജീവിതം സമ്പൂർണ്ണമായി സമർപ്പിച്ചവൻ.

- **ഖുർആൻ:** പ്രവാചകനായ മുഹമ്മദ് നബിക്ക് അല്ലാഹുവിൽ നിന്ന് ലഭിച്ച ഗ്രന്ഥം.

www.alukah.net إهداء من شبكة الألوكة



## ഈ കൃതിയെക്കുറിച്ച് ഇവർ പറയുന്നത്.

**› നിങ്ങളുടെ 'രിസാല: വാഹിദ: ഫഖത്ത്' എന്ന പുസ്തകം ഞാൻ വായിച്ചു. ബുദ്ധിപരമായ സമീപനവും വായനക്കാരനെ ആകർഷിക്കുന്ന ശൈലിയും എന്നെ അത്ഭുതപ്പെടുത്തി.**
**(സർ. അബ്ദുല്ലാഹ് ബിൻ അബ്ദുൽ മുഈൻ കർദി, സഊദി അംബാസഡർ- ആസ്ത്രേലിയ)**

**› നിങ്ങളുടെ 'രിസാല: വാഹിദ: ഫഖത്ത്' എന്ന പുസ്തകം ഞാൻ കണ്ടു. കാര്യങ്ങൾ വ്യക്തമാക്കാൻ നിങ്ങൾ തെരഞ്ഞെടുത്ത ശൈലിയും അമുസ്ലിംകളുടെ ചിന്തയിലേക്ക് പടിപടിയായി കാര്യങ്ങൾ ഇട്ടുകൊടുക്കുന്ന രീതിയും ഇതിൻെറ പ്രത്യേകതയായി ഞാൻ കാണുന്നു. എൻെറ ഓഫീസിലെ തർജമ വിഭാഗത്തിലുള്ള സഹോദരങ്ങൾ ഇത് പ്രസിദ്ധീകരിക്കാൻ അനുയോജ്യമായതാണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. (ശൈഖ്: യാസിർ ബിൻ ഇബ്റാഹീം അൽ സലാമ- ഡയറക്ടർ ഇസ്ലാമിക് സെൻറർ ദർഇയ്യ)**

**› ആശയങ്ങളുടെ വ്യക്തത കൊണ്ടും സത്യസന്ധമായ പ്രസ്താവനകൾ കാരണവും നിങ്ങളുടെ 'രിസാല: വാഹിദ: ഫഖത്ത്' എന്ന കൃതി പ്രസിദ്ധീകരിക്കുവാൻ അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. (ശൈഖ്: സുലൈമാൻ ബിൻ മുഹമ്മദ് അൽ സക്വർ- ഡയറക്ടർ ഇസ്ലാമിക് സെൻറർ സുലൈ- റിയാദ്)**

**› ഈ കൃതി ക്രൈസ്തവർക്ക് വളരെ അനുയോജ്യമായതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. സാധ്യമെങ്കിൽ എനിക്ക്** Just One Message! **എന്ന ഈ കൃതി കുറച്ചധികം കോപ്പികൾ അയച്ചുതരാൻ അഭ്യർത്ഥിക്കുന്നു. (സിസ്റ്റർ. യോവാൻ. ഇസ്ലാം സ്വീകരിച്ച അമേരിക്കൻ വനിത- അവ്ഹാവോ സ്റ്റേറ്റ്, അമേരിക്ക)**

› Just One Message! **എന്ന ലഘുകൃതിയുടെ ശൈലി വളരെ വ്യക്തമാണ്. അല്ലാഹു അല്ലാതെ ആരാധനക്കർഹനായി മറ്റാരും തന്നെ ഇല്ലെന്നും യേശുക്രിസ്തു ദൈവത്തിൻെറ പ്രവാചകനാണെന്നും ഉള്ള വിശ്വാസത്തെ ഇപ്പോൾ എൻെറ ബുദ്ധി തുറന്നു സമ്മതിക്കുന്നു. (മേരി കാസ്റ്റ്ലൂ- ഇസ്ലാം വിശ്വസിക്കാൻ ഉദ്ദേശിക്കുന്ന ക്രൈസ്തവ വനിത)**

www.alukah.net إهداء من شبكة الألوكة



# ഗ്രന്ഥകാരന്റെ രചനകളും പ്രവർത്തനങ്ങളും.

## I. സത്യം കണ്ടെത്തുക എന്ന പരമ്പരയിലെ രചനകൾ

1. Who is He?
2. What is His Nature?
3. Just One Message!
4. What Is the Truth?
5. What Went Wrong?
6. The Beauty of Islam!
7. The ABCs of Islam.
8. What Is Next?

## II. പ്രസിദ്ധീകരണം പ്രതീക്ഷിക്കുന്ന രചനകൾ

- Keys to Ultimate Success and Happiness!
- A Letter to Janet!
- Why 'We'?

## III. മറ്റു പ്രവർത്തനങ്ങൾ

- സഊദി ടി.വി പ്രതിവാര ഇംഗ്ളീഷ് പ്രഭാഷണ പ്രോഗ്രാം.
- ഇസ്ലാമിക പ്രഭാഷണം.

www.alukah.net إهداء من شبكة الألوكة



**സംശയ നിവാരണത്തിനും അഭിപ്രായ- പ്രതികരണങ്ങൾക്കും ദയവായി താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക.**

**Dr. Naji Ibrahim Al- Arfaj**

**Mobile#: +966505913113**

**Website: www.abctruth.com**

**E- mail: abctruth@hotmail.com**

**CC: seek@kfu.edu.sa**

**P.O Box 418**

**Hofuf, Al- Ahsa 31982  KSA.**

**Ø ഇസ്ലാമിനെ മനസ്സിലാക്കാൻ ഉപകരിക്കുന്ന വെബ് സൈറ്റുകൾ.**

**www.sultan.org**

**www.al-sunnah.com**

**www.islamworld.net**

www.alukah.net إهداء من شبكة الألوكة



# محتويات الكتاب


١ قول المترجم

٢ أسئلة قبل القراءة

٣ في صلب الموضوع

٤ توحيد الله في الكتاب المقدس (العهد القديم)

٥ توحيد الله في الكتاب المقدس (العهد الجديد)

٦ توحيد الله في القرآن الكريم

٧ الخاتمة

٨ خاطرة أخيرة

٩ المصطلحات الإسلامية

١٠ قالوا عن الكتاب

١١ كتابات وأعمال أخرى للمؤلف

www.alukah.net إهداء من شبكة الألوكة


ആദാമിന്റെ സൃഷ്ടിപ്പ് മുതൽ മനുഷ്യ ചരിത്രത്തിൽ തലമുറകളിലൂടെ കൈമാറി വന്നിട്ടുള്ളത് ഒരൊറ്റ സന്ദേശം മാത്രമായിരുന്നു. ഈ സന്ദേശം ജനങ്ങളെ ഓർമ്മിപ്പിക്കുവാനും ശരിയായ പാന്ഥാവിലേക്ക് അവരെ നയിക്കുവാനും ഏകസത്യദൈവം ദൂതന്മാരെയും പ്രവാചകന്മാരെയും നിയോഗിച്ചു. അവരെല്ലാം ഏകദൈവത്തിൽ നിന്ന് സ്വീകരിച്ച് പ്രബോധനം ചെയ്തത് ഒരൊറ്റ സന്ദേശമായിരുന്നു. ബൈബിൾ ഖുർആൻ താരതമ്യത്തിലൂടെ പ്രസ്തുത സത്യസന്ദേശം നമുക്ക് മുമ്പിൽ സമർപ്പിക്കുകയാണ് ഈ കൃതി. സത്യാന്വേഷണ പാതയിൽ നിങ്ങൾക്ക് ഇത് പ്രചോദനമാകും തീർച്ച.